**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 356** **29-01-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പാക്കിയ മാതൃകാ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തദ്ദേശ സ്വയംഭരണ വകുപ്പ് നടപ്പാക്കിയ മാതൃകാ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, രാജ്യത്തിനാകെ മാതൃകയായ നിരവധി പദ്ധതികൾ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ അതിദാരിദ്ര്യം അനുഭവിക്കുന്ന ചെറു ന്യൂനപക്ഷത്തെ അതിൽനിന്ന് കരകയറ്റി അന്തസ്സായ ജീവിതം ഉറപ്പുവരുത്താനായി ആരംഭിച്ച അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയ്ക്ക് സുപ്രധാന പരിഗണനയാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്. സർവേയിലൂടെ കണ്ടെത്തിയ 64006 അതിദരിദ്രരിൽ 47.89 ശതമാനത്തെ ഇതിനകം ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചു. ഒരു വർഷത്തിനുള്ളിൽ അവശേഷിക്കുന്ന അതിദരിദ്രരെക്കൂടി ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റാനുള്ള തീവ്ര ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.<br><br>മാലിന്യമുക്തം നവകേരളം സംസ്ഥാനത്തെയാകെ മാലിന്യമുക്തമാക്കാനുള്ള വലിയൊരു പദ്ധതിയാണ്. ഇതിനായി സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. നഗരപ്രദേശങ്ങളിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ലോക ബാങ്ക് സഹായത്തോടെയുള്ള വിപുലമായ കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP) യും ആരംഭിച്ചു കഴിഞ്ഞു.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വേഗത്തിലും സുഗമമായും ലഭ്യമാക്കുന്ന കെ-സ്മാർട്ട് പദ്ധതി 2024 ലെ പുതുവർഷ ദിനത്തിൽ നഗരസഭകളിൽ ആരംഭിച്ചു. ജനന, മരണ സർട്ടിഫിക്കറ്റുകൾ, വിവാഹ രജിസ്ട്രേഷൻ, മറ്റ് രജിസ്ട്രേഷനുകൾ, പെർമിറ്റുകൾ എന്നിവ ഓൺലൈൻ ആയി അപേക്ഷ സ്വീകരിച്ച് ഓൺലൈൻ ആയി തന്നെ നൽകുന്നതാണ് സംവിധാനം. |

| | | | |
|---|---|---|---|
| | | | മുൻ സർക്കാർ ആരംഭിച്ച ലൈഫ് പദ്ധതിയിൽ ഇതിനകം 3,74,508 വീട്ടുകൾ നിർമ്മിച്ചു. 1,19,163 വീടുകൾ നിർമ്മാണ പുരോഗതിയിലാണ്. തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമനിധി രൂപീകരിച്ച ആദ്യ സംസ്ഥാനമാണ് കേരളം. തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് 100 ശതമാനം പൂർത്തീകരിച്ച ഏക സംസ്ഥാനവും കേരളമാണ്. ഇവയെല്ലാം രാജ്യത്തിനാകെ മാതൃകയായ പദ്ധതികളാണ്. |
| (ബി) | പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ സുതാര്യമാക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കുമോ? | (ബി) | നിരവധി പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയെങ്കിലും ഏറ്റവും പ്രധാനപ്പെട്ടത് പൊതുജനങ്ങൾക്ക് സമയബന്ധിതമായും സുതാര്യമായും സേവനങ്ങൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറും, നഗരസഭകളിൽ കെ-സ്മാർട്ട് ആപ്പിളിക്കേഷനും വിന്യസിച്ചതാണ്. ഇതിലൂടെ പൊതുജനങ്ങൾക്ക് ഓൺലൈനായി തന്നെ അപേക്ഷകൾ സമർപ്പിക്കുന്നതിനും, അപേക്ഷയുടെ തൽസ്ഥിതി മനസിലാക്കുന്നതിനും, തദ്ദേശ സ്ഥാപനങ്ങൾ സന്ദർശിക്കാതെ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും സാധിക്കും. വിവിധ സേവങ്ങൾ സംബന്ധിച്ച പരാതി സ്ഥിരം അദാലത്ത് സംവിധാനത്തിൽ നൽകി കാലതാമസം കൂടാതെ പരിഹാരം കാണുവാൻ കഴിയുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ